പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 217 — 18.03.2013 ൽ മറുപടിക്ക്

പോലീസ് വകുപ്പിലെ സേവനാവകാശനിയമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ജോസഫ് വാഴക്കൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. ശിവദാസൻ നായർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് വകുപ്പിൽ സേവനാവകാശനിയമം നടപ്പാക്കുന്ന പരിപാടിക്കു തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം സേവനാവകാശങ്ങളാണ് പ്രസ്തുത നിയമം വഴി പൊതുജനങ്ങൾക്കു ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | എ) യും (ബി) യും | പോലീസ് വകുപ്പിൽ 29.01.2013 മുതൽ സേവനാവകാശനിയമം നടപ്പിലാക്കിത്തുടങ്ങി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം.<br>2. പ്രൊസഷനുകൾ നടത്തുന്നതിനുള്ള അനുവാദം<br>3. പാസ്പോർട്ട് അന്വേഷണം<br>4. പരാതി അന്വേഷണം.<br>5. പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്<br>6. എഫ്.ഐ.ആറിന്റെ പകർപ്പ് നൽകുന്നത്<br>7. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്<br>8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്<br>9. ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്.<br>10. ജോലി സംബന്ധമായ വെരിഫിക്കേഷൻ.<br>11. വിദേശികളുടെ രജിസ്ട്രേ |

→

ഷൻ

12. കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്.
13. സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും.
14. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം.

(സി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനെ സംബന്ധിച്ചു വേണ്ടത്ര പ്രചരണം നൽകുവാൻ നടപടിയെടുക്കുമോ; വിശദമാക്കാമോ?

(സി) യും (ഡി) യും: നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ, ആദ്യ അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവരുടെ പേരുവിവരം പ്രദർശിപ്പിക്കുവാൻ എല്ലാ യൂണിറ്റ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വ്യാപക പ്രചരണത്തിനായി നിയമം സർക്കാർ ഗസറ്റിലും കേരളപോലീസിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ